**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 433** **16-09-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ ലൈഫ് പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിലെ ലൈഫ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (2021 മേയ് മുതൽ 10.09.2025 വരെ) കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ലൈഫ് ഭവനപദ്ധതി പ്രകാരം 1228 ഗുണഭോക്താക്കൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 959 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 269 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. വിശദവിവരം അനുബന്ധം (1) ആയി ചേർക്കുന്നു.<br><br>ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകൾ എന്നിവ മുഖേനയും മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായും ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതിയുടെ ഭാഗമായും ലഭിക്കുന്ന ഭൂമിയും ലഭ്യമാക്കി വരുന്നു. ഇത്തരത്തിൽ 421 ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാ ക്കിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ കാലയളവിൽ ലൈഫ് ഭവന പദ്ധതിക്കായി കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും ലഭ്യമായിട്ടുള്ള അപേക്ഷകളുടെ എണ്ണവും അവയിൽ തീരുമാനമായ അപേക്ഷകളുടെ എണ്ണവും വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ കാലയളവിൽ (2021 മേയ് മുതൽ 10.09.2025 വരെ)ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി ഗുണഭോ ക്തൃ പട്ടിക തയ്യാറാക്കുന്നതിന് പുതിയ അപേക്ഷകൾ ക്ഷണിച്ചിട്ടില്ല. |
| (സി) | ഭൂരഹിതരായ അപേക്ഷകർക്ക് ഭൂമി കണ്ടെത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ഭൂമി ലഭ്യമാക്കേണ്ട അപേക്ഷകരുടെ എണ്ണവും ഭൂമി കണ്ടെത്തിയിട്ടുള്ള അപേക്ഷകരുടെ എണ്ണവും വ്യക്തമാക്കാമോ; | (സി) | ഉണ്ട്.<br><br>ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകൾ എന്നിവ മുഖേനയും മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായും ലൈഫ് ചിറ്റിലപ്പിള്ളി ഭവന പദ്ധതിയുടെ ഭാഗമായും ഭൂമി ലഭ്യമാക്കി വരുന്നു. കുന്നത്തുനാട് മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിത |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളുടെ എണ്ണവും ഇതിൽ ഭൂമി ലഭ്യമാക്കിയ വരുടെ എണ്ണവും തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ അനുബ ന്ധം (2) ആയി ചേർക്കുന്നു. |
| (ഡി) | ലൈഫ് ഭവനപദ്ധതിക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്ന അർഹരായ അപേക്ഷകർക്ക് വേഗത്തിൽ ഭവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ലൈഫ് ഭവനപദ്ധതി പ്രകാരം അർഹരായി കണ്ടെത്തിയിട്ടുള്ള എല്ലാ ഗുണഭോക്താക്കളെയും മുൻഗണനാ ക്രമത്തിൽ ഭവനനിർമ്മാണ ധനസഹായത്തിനായി പരിഗണിക്കു ന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം(1)

| തദ്ദേശസ്വയംഭരണ സ്ഥാപനം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടവരുടെ എണ്ണം (2021 മേയ് - ആഗസ്റ്റ് 2025) | ഭവന നിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം (2021 മേയ് - ആഗസ്റ്റ് 2025) | നിർമ്മാണ പുരോഗതിയുള്ളവരുടെ എണ്ണം |
|---|---|---|---|
| ഐക്കരനാട് | 47 | 29 | 18 |
| കുന്നത്തുനാട് | 198 | 150 | 48 |
| കിഴക്കമ്പലം | 224 | 200 | 24 |
| പൂതൃക | 113 | 96 | 17 |
| തിരുവാണിയൂർ | 106 | 73 | 33 |
| വടവുകോട് പുത്തൻകുരിശ് | 123 | 70 | 53 |
| വാഴക്കുളം | 239 | 183 | 56 |
| മഴുവന്നൂർ | 178 | 158 | 20 |
| **ആകെ** | **1228** | **959** | **269** |

**അനുബന്ധം(2)**

| തദ്ദേശസ്വയംഭരണ സ്ഥാപനം | അർഹരായി കണ്ടെത്തിയ ഭൂരഹിത ഭവനരഹിതരുടെ എണ്ണം | ഭൂമി കണ്ടെത്തിയ ഭൂരഹിത ഭവനരഹിതരുടെ എണ്ണം |
|---|---|---|
| ഐക്കരനാട് | 114 | 27 |
| കുന്നത്തുനാട് | 146 | 58 |
| കിഴക്കമ്പലം | 196 | 51 |
| പൂതൃക | 119 | 32 |
| തിരുവാണിയൂർ | 135 | 33 |
| വടവുകോട് പുത്തൻകുരിശ് | 213 | 109 |
| വാഴക്കുളം | 684 | 78 |
| മഴുവന്നൂർ | 235 | 33 |
| **ആകെ** | **1842** | **421** |